# വേദനയായി മാറുന്ന ഭൗതികസുഖം

ദീർഘ നിശ്വാസത്തോടെ അയാൾ: ഹാ, സാരല്ല. ഒക്കെ നല്ലതിനാ. ക്ഷമിക്കുന്നവനും ണ്ടല്ലോ അല്പം ക്രഡിറ്റൊക്കെ.'' സ്വന്തം ബന്ധുക്കളാൽ വഞ്ചിതനായ അയാൾക്ക് ക്ഷമിക്കുകയല്ലാതെ വേറെ വഴിയുണ്ടായിരുന്നില്ല.

ഗൾഫിലെങ്ങാനോ പോയി കുറഞ്ഞ കാലം കൊണ്ട് കുറേ സമ്പാദിച്ചു നാട്ടിൽ തിരിച്ചു വന്ന ചെറുപ്പക്കാരൻ പുതിയ വാഹനമെടുത്ത് വിലസുന്നത് കണ്ടപ്പോൾ ജനത്തിന്റെ കമന്റ്: കുട്ടീ, ഇതത്ര നല്ലതിനല്ല.'' അറംപറ്റിയ വാക്കുകൾ. തലകുത്തിമറിഞ്ഞ സ്വന്തം വാഹനം അവിവാഹിതനായ ആ ചെറുപ്പക്കാരന് കൊടുത്തത് ബാക്കി കാലം ഒറ്റക്കാലിൽ ജീവിച്ചു തീർക്കാനുള്ള ദുർവിധി.

മുഹമ്മദ്നബി ഒരിക്കൽ പറഞ്ഞു: മനുഷ്യന് സ്വർണത്തിന്റെ ഒരു താഴ്‌വര കിട്ടിയാൽ മറ്റൊന്ന് കൂടി കിട്ടണമെന്ന് അവൻ കൊതിക്കും. രണ്ടാമത് കിട്ടിയാൽ മൂന്നാമത്തേതും കൊതിക്കും. വായിൽ മണ്ണ് നിറഞ്ഞാൽ (മരണത്തോടെ) മാത്രമേ അവന്റെ കൊതി തീരുകയുള്ളൂ.'' (ഇത് നബിവചനത്തിന്റെ പൂർണ രൂപമല്ല)

നമ്മുടെ ചില തീരുമാനങ്ങൾ അപകടം ചെയ്യാറുണ്ട്. ചില ആഗ്രഹങ്ങളും ദുരന്തം വിതക്കാറുണ്ട്. കാരണം, സ്വാർഥത്തിന് ചിന്തിക്കാനാകില്ല.

എല്ലാ സംഗതികളെയും വിപത്ത് ബാധിച്ചേക്കാം. സ്വാർഥമാകുന്ന ബന്ധങ്ങളെ ബാധിക്കുന്ന വിപത്ത്. അതിന് മരുന്നില്ല. അതിനാലാണ് അനർഹമായതിനു വേണ്ടി കുടുംബ–മാനുഷികബന്ധങ്ങളെ അത്തരക്കാർ തകർക്കുന്നതും വിശ്വസിച്ചവരെ വഞ്ചിക്കുന്നതുമൊക്കെ. ദേഹേഛക്ക് അടിമപ്പെടുകയാണ് മനുഷ്യൻ നേരിടുന്ന വിപത്തുകളിൽ വലുത്.

ലോകത്ത് എത്ര കോടി മനസ്സുകളുണ്ടോ അവ അത്രയും വ്യത്യസ്തങ്ങളുമാകുന്നു. ഒരു അമ്മയുടെ മക്കൾ വിവിധ തരക്കാരാണ്. ഈ വൈജാത്യത്തിനു പിന്നിലെ യുക്തി ദൈവത്തിനു മാത്രമേ അറിയുകയുള്ളൂ.

എന്നാൽ എല്ലാ മനസ്സുകൾക്കും പൊതുവായ ഒരു സ്വഭാവമുണ്ട്. എങ്ങനെയെങ്കിലും കുറേ സമ്പാദിക്കണം. സുബോധമുള്ള ഓരോ മനസ്സിന്റെയും തേട്ടം അതാണ്.

എങ്ങനെയെങ്കിലും എന്ന രീതിക്ക് പ്രത്യേക നീതിശാസ്ത്രമൊന്നുമുണ്ടാകില്ല. രക്തബന്ധവും കുടുംബബന്ധവുമൊക്കെ മാറ്റുരക്കപ്പെടുന്നത് അവിടെയാണ്.

ബന്ധങ്ങളുടെ പാവനതയെ പറ്റി വേദങ്ങൾ നമ്മെ പഠിപ്പിച്ച തത്വമുണ്ട്. രക്തബന്ധത്തെയും കുടുംബബന്ധത്തെയും വിശുദ്ധമായി കാണുകയും സംരക്ഷിക്കുകയും ചെയ്യുകയെന്നതാണത്. ഭൗതികമോ ആത്മീയമോ ആയ ഒന്നും അവയുടെ ബന്ധങ്ങൾക്കും പാവനതക്കും തടസ്സമായിക്കൂടാ. അയൽവാസികളും പൊതുസമൂഹവുമായുള്ള ബന്ധവും അത്തരത്തിൽ പെട്ടതാകുന്നു.

വസ്തുത ഇതായിരിക്കെ, സമ്പാദിക്കാനും സുഖിക്കാനുമുള്ള പലരുടെയും സ്വാർഥത്തിനു മുമ്പിൽ തുമ്മിയാൽ തെറിക്കുന്ന മൂക്കുപോലെയാണ് മാനുഷിക–കുടുംബ ബന്ധങ്ങളുടെ അവസ്ഥ. മാറ്റുവിൻ ചട്ടങ്ങളെ എന്ന കാഴ്ചപ്പാടാണ് അത്തരക്കാരെ നയിക്കുന്നത്. ബന്ധങ്ങളെ ഹനിച്ചും മറ്റുള്ളവരെ വേദനിപ്പിച്ചും കൊണ്ടുള്ള ഭൗതികസുഖത്തിന് എന്ത് സമാധാനമാണുണ്ടാവുക? ദൈവത്തിങ്കൽ എത്ര നിന്ദ്യമാണ് അവരുടെ അവസ്ഥ?

ഈ സമീപനം ഈ കാലഘട്ടത്തിന്റെ മാത്രം പ്രത്യേകതയല്ല. എന്നാൽ ഇന്ന് അല്പം കൂടുതലാണെന്നു മാത്രം. സ്വന്തം വീട്ടിനകത്ത് ശത്രു രൂപപ്പെടുന്നത് മറ്റൊന്നിലുമല്ല, തനിക്ക് ഏറെ സുഖിക്കണമെന്ന സ്വാർഥത്തിന്റെ പേരിലാണ്. പക്ഷേ, ആ ശത്രുവിനെ തിരിച്ചറിയാൻ കുടുംബ സ്നേഹമുള്ള മറ്റുള്ളവർക്ക് സാധിക്കണമെന്നില്ല. തൊഴിൽ മേഖലയിലായാലും സംഗതി ഇതുതന്നെ. താൻ കൂലി കൊടുത്ത് നിർത്തിയിരിക്കുന്നത് തന്നെ പറ്റിക്കുന്നവനെയാണെന്ന് തിരിച്ചറിയാനുള്ള കഴിവ് തൊഴിലുടമക്ക് ഉണ്ടാകണമെന്നില്ല. അല്ലെങ്കിൽ തൊഴിലാളി നേരിടുന്ന ജീവിത പ്രതിസന്ധികളെയോർത്ത് അവനെ പറ്റി നല്ലത് ചിന്തിച്ചിരിക്കാം.

ഉപകാരമില്ലാത്ത കൊതികളെ കടിഞ്ഞാണിടുക തന്നെ വേണം. പിന്നീട് വേദനിക്കേണ്ടി വരുമെന്ന് തോന്നുന്ന കർമങ്ങൾ ചെയ്യാതിരിക്കുക. ചുറ്റും കാണുന്ന ആർഭാടങ്ങൾ വഞ്ചനാത്മകമാണെന്ന് തിരിച്ചറിയുക. ഖേദത്തെയും വേദനയെയും വിളിച്ചുവരുത്തുന്ന ഐശ്വര്യത്തിലും സുഖത്തിലും ഒട്ടും നന്മയുണ്ടാവുകയില്ലെന്നും തിരിച്ചറിയുക. ദാരിദ്ര്യം സമ്പന്നതയെക്കാൾ ആശ്വാസമാകുന്നത് അവിടെയാണ്. അത്തരക്കാരോടൊപ്പമാണ് കുടുംബത്തിന്റെയും ജനത്തിന്റെയും പ്രാർഥനയും ആശിർവാദവുമുണ്ടാവുക.